## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1028 — 10.02.2016-ൽ മറുപടിക്ക്

### ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ.മാധവൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;<br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (എ) യും (ബി) യും (സി) യും<br>പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിലെ കായൽ പ്രദേശങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള മലിനീകരണം തടയുന്നതിനായി മേൽപ്പറഞ്ഞ രണ്ട് സ്ഥലങ്ങളിലേക്ക് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 25.08.2006-ലെ സ.ഉ (സാധാ) നം.6878/06/ടൂറിസം പ്രകാരം 78,50,000/- രൂപയുടെ ഭരണാനുമതിയും, 20.09.2011-ലെ സ.ഉ (സാധാ)നം.7097/11/ടൂറിസം പ്രകാരം 64,00,000/- രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിൽ വന്നതിലൂടെ കായലോര പരിസ്ഥിതി സംരക്ഷണവും ജലാശയങ്ങളുടെയും, കായലോരങ്ങളുടെയും മലിനീകരണവും ഒരു പരിധിവരെ തടയുവാൻ സാധിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെയും പൊതുജന പങ്കാളിത്തത്തിലൂടെയും, വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ ടി പദ്ധതി മേൽപ്പറഞ്ഞ രണ്ട് സ്ഥലങ്ങളിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു. മാലിന്യ സംസ്കരണ പ്ലാന്റുകൾ ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ